പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2719 **28-10-2026-ൽ മറുപടിയ്ക്ക്**

എറണാകുളം നഗരത്തിലെ ഫയർ ഹൈഡ്രന്റുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) എറണാകുളം നഗരത്തിൽ തീപിടിത്തമുണ്ടാകുന്ന സാഹചര്യങ്ങളിൽ ഫയർ എഞ്ചിനുകൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി എത്ര ഫയർ ഹൈഡ്രന്റുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: എറണാകുളം നഗരത്തിൽ ജല വിഭവകുപ്പ് ഫയർ ഹൈഡ്രന്റുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) ഇത്തരം ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിന് നഗരത്തിൽ ഏതൊക്കെ സ്ഥലങ്ങളാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

മറുപടി: ജലദൗർലഭ്യം മൂലം നിലവിൽ നഗരത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് വിവിധ പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നതിനാൽ ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ഇതുവരെ തീരുമാനിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ